

റസൂൽ മദ്ഹ്

## വെറുതെയാവില്ല

വെറുതെയാണെന്നുടെ കണ്ണുകൾ
മുത്തു റസൂലിനെ കാണുവാൻ കഴിഞ്ഞില്ലല്ലോ
വെറുതെയാവില്ലെന്റെ കാഴ്ച- ഉൾക്കണ്ണിനാൽ
അവിടത്തെ കാണുവാൻ കഴിഞ്ഞുവല്ലോ...

വെറുതെയാണെന്റെയീ ചുണ്ട്, ആ കവിളത്ത്
മുത്തം കൊടുക്കുവാൻ കഴിഞ്ഞില്ലല്ലോ
വെറുതെയാവില്ലെന്റെ മൊഴികൾ- റസൂലിനായി
ഏറെ സ്വലാത്ത് ഞാൻ ചൊല്ലിയല്ലോ....

വെറുതെയാണെന്നുടെ നെഞ്ച്, അങ്ങെന്നെയാ
മാറോടുചേർത്ത് പുണർന്നില്ലല്ലോ
വെറുതെയാകില്ലെന്റെ നെഞ്ചകം- അവിടെയെൻ
തിരുനബിക്കായൊരു മുറിയുണ്ടല്ലോ....

വെറുതെയാണെന്റയീ കൈകൾ ആ തിരുമുടി
തഴുകുവാനിതുകൊണ്ട് കഴിഞ്ഞില്ലല്ലോ
വെറുതെയാകില്ലെന്റെ കൈപ്പട- ഈ കവിത ഞാൻ
മുത്തുനബിക്കായി കുറിച്ചുവല്ലോ.

□

ജമീൽ അഹ്മദ്

## സുമയ്യ*യുടെ ചോദ്യങ്ങൾ

നാളെകൾ നാളുകൾ നീളെയായ് നീങ്ങവേ
ഞാനും വരുന്നുണ്ട് കുട്ടിയായ് കൂട്ടിനായ്.

പകലന്തിമാരുടെ പിന്തുടർന്നോട്ടവും
കാലക്കറക്കവും കാണുവാൻ പോകുന്നു.

അഛന്നു പറയുവാനാകുമോ സത്യമായ്
ഉച്ചത്തിലമ്മക്കുരക്കുവാനാകുമോ...?

എന്റെ സമശീർഷരാം കുട്ടികൾ എത്രപേർ
ചന്തയിൽ വിൽപനക്കായിക്കിടപ്പുണ്ട്?

ചീറുന്ന വെടിയുണ്ട, പൊട്ടുന്ന ബോംബുകൾ
ശലഭങ്ങൾ കൂട്ടമായ് ചിറകറ്റ് വീഴ്കയോ?

എൻവലം കാണുന്ന കാഴ്ചകൾ ഈവിധം
ആർത്തിയോടൂട്ടുവാൻ ബർഗറും കോളയും
ഇപ്പുറം കണ്ടില്ലയന്നവും വെള്ളവും
കുട്ടിത്ത വയറുകൾ മരുപ്പറമ്പാകയോ...?

വേലയുടെ വേളകൾ, മാനവും വിൽക്കണം
മേനിയെ ചീന്തണം, പിച്ചക്കു പോവണം
ചെയ്യേണ്ടതേതൊരു വേലയെന്നറിയില്ല
തൂങ്ങിക്കിടക്കുന്നു ചാട്ടവാർ ഭിത്തിയിൽ!

അഛന്ന് പറയുവാനാകുമോ സത്യമായ്
ഉച്ചത്തിലമ്മക്കുരക്കുവാനാകുമോ..?

നെഞ്ചകം ശൂലത്തിലേറ്റിപ്പിളർക്കുമോ...?
പെട്രോളൊഴിച്ചെന്നെ കത്തിക്കരിക്കുമോ..?

നീന്തിത്തുടിക്കുവാൻ പുഴയൊന്നു കാണുമോ..?
കിതപ്പൊന്നകറ്റുവാൻ മരത്തണൽ പൂക്കുമോ...?

നാളെകൾ നാളുകൾ നീളെയായ് നീങ്ങവേ...
ഞാനും വരുന്നുണ്ട് കുട്ടിയായ് കൂട്ടിനായ്...

* കവിക്ക് പിറന്ന കുഞ്ഞ്

ഫൈസൽ അബൂബക്കർ